## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 404** **01.12.2015-ൽ മറുപടിയ്ക്ക്**

## അരൂർ നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ 5 വർഷത്തിനിടയിൽ അരൂർ നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് ; | (എ) പുതിയ 11കെ.വി.ലൈൻ നിർമ്മാണം, പുതിയ 11കെ.വി ലൈൻ നവീകരണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ എൽ.റ്റി.ലൈൻനിർമ്മാണം, എൽ.റ്റി.ലൈൻ നവീകരണം സിംഗിൾഫേസ് ത്രീ ഫേസ് ലൈനാക്കി മാറ്റൽ, പുതിയ സർവീസ് കണക്ഷൻ നൽകൽ, കേടായ മീറ്റർമാറ്റി സ്ഥാപിക്കൽതുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്. |
| (ബി) എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട് ; ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രവൃത്തികൾ വിശദമാക്കാമോ ; | (ബി) 221 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 18 കി.മീ.11 കെ.വി ലൈൻ നവീകരണം, 969 കി.മീ. എൽ.റ്റി.ലൈൻ നവീകരണം, 92.6 കി.മീ. ലൈൻ കൺവേർഷൻ എന്നിവയാണ് ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രവൃത്തികൾ. |
| (സി) കുടപ്പുത്ത് പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുവാനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അവിടെ സബ് സ്റ്റേഷൻ നിർമ്മാണം എന്ന് ആരംഭിക്കും ? | (സി) എരമല്ലൂർ കടപ്പുറം എന്ന സ്ഥലത്ത് ഒരു 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തി അതു വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.